(ഡി) 2011 മാർച്ച് മുതൽ 2015 മാർച്ച് വരെ നിർമ്മാണ പ്രവൃത്തികൾക്കും, അറ്റകുറ്റ പണികൾക്കും വേണ്ടി ചെലവഴിച്ച തുക എത്ര എന്ന് വിശദമാക്കാമോ;

(ഇ) സർക്കാരിൽ നിന്നും കൺസ്യൂമർഫെഡിന് ലഭിക്കാനുള്ള സബ്സിഡി തുക എത്രയെന്ന് അറിയിക്കുമോ ;

(എഫ്) 2011 മേയ് മുതൽ 2015 മാർച്ച് വരെ സർക്കാരിൽ നിന്നും ലഭിച്ച സബ്സിഡി തുക എത്ര ?

ഉത്തരം

(എ) കൺസ്യൂമർഫെഡ് സപ്ലൈയർമാർക്ക് ഫെഡറേഷന്റെ കണക്ക് പ്രകാരം 357.99 കോടി രൂപ നൽകാനുണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്കുകളിൽനിന്നും കൺസ്യൂമർഫെഡ് നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടില്ല.

(സി) സംസ്ഥാന സഹകരണ ബാങ്കിൽനിന്ന് 176.17 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് 239.41 കോടി രൂപയും കൺസ്യൂമർ ഫെഡറേഷൻ വായ്പയെടുത്തിട്ടുണ്ട്.

(ഡി) 2011 മാർച്ച് മുതൽ 2015 മാർച്ച് വരെ നിർമ്മാണ പ്രവർത്തികൾക്കും, അറ്റകുറ്റപണികൾക്കും വേണ്ടി 37,92,85,069 രൂപ കൺസ്യൂമർ ഫെഡറേഷൻ ചെലവഴിച്ചിട്ടുണ്ട്.

(ഇ) സർക്കാർ സബ്സിഡിയോടെ സാധനങ്ങൾ റിട്ട വകയിൽ 2015-16 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 15 കോടി രൂപ ഒഴികെ 100.4572 കോടി രൂപ ഫെഡറേഷന്റെ കണക്ക് പ്രകാരം നൽകാനുണ്ട്. കൺസ്യൂമർ ഫെഡറേഷന്റെ സ്വന്തം സബ്സിഡിയോടെ വിൽപ്പന നടത്തിയതിൽ 294.955 കോടി രൂപ നൽകാനുണ്ട്.

(എഫ്) 2011 മേയ് മുതൽ 2015 മാർച്ച് വരെ സർക്കാരിൽനിന്നും 229.50 കോടി രൂപ സബ്സിഡിയിനത്തിൽ നൽകിയിട്ടുണ്ട്.

ഖാദി തൊഴിലാളികളുടെ മിനിമം വേതനം

118 (3272) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഖാദി തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടില്ല.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഖാദി തൊഴിലാളികൾക്ക് നൽകാനുള്ള കൂടിശ്ശിക തുക

119 (3273) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരക വരുമാന പദ്ധതി അനുസരിച്ച് 2014-15 വർഷത്തിൽ ഖാദി തൊഴിലാളികൾക്ക് എത്ര തുക കൂടിശ്ശിക നൽകാനുണ്ടെന്ന് ഖാദി സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത കൂടിശ്ശിക തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പുരക വരുമാന പദ്ധതിയനുസരിച്ച് 2014-15 വർഷത്തിൽ ഖാദി തൊഴിലാളികൾക്ക് 4,15,59,627 രൂപ കൂടിശ്ശിക നൽകാനുണ്ട്. (ഖാദി സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.) *

(ബി) 2015-16 സാമ്പത്തിക വർഷം പരമ്പരാഗത മേഖലയിൽ വരുമാന താങ്ങൽ പദ്ധതി (ഇൻകം സപ്പോർട്ട് സ്കീം) നടപ്പാക്കുന്നതിനുള്ള നടപടികൾ തൊഴിലും നൈപുണ്യവും വകുപ്പ് ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിലേക്ക് പ്രസ്തുത വകുപ്പ് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകൾക്കായി ആകെ 65 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഖാദിമേഖലയുടെ നവീകരണം

120 (3274) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോപിനാഥൻ നായർ കമ്മിറ്റി ശിപാർശ അനുസരിച്ച് ഖാദിമേഖല നവീകരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly